**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 744** **29-10-2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ് | | ശ്രീ. കടകംപളളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയത്; അവരുടെ പേര്, വകുപ്പ്, സ്ഥാപനത്തിന്റെ പേര്, ശമ്പള സ്കെയിൽ, സ്ഥിരപ്പെടുത്തിയ തസ്തിക, തീയതി എന്നിവ വ്യക്തമാക്കുമോ; നിലവിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന എത്ര പേരുടെ അപേക്ഷയാണ് സ്ഥിരപ്പെടുത്തുന്നതിനായി ലഭിച്ചിട്ടുള്ളത്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നവരിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കിറ്റ്സ്, മലയാറ്റൂർ സെന്ററിലെ കരാർ അടിസ്ഥാനത്തിൽ അനുവദിച്ച പ്രിൻസിപ്പാൾ, ലക്ചറർ, അക്കൗണ്ട്സ് ക്ലർക്ക്, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ നൽകിയിട്ടുണ്ട്.<br>കെ.റ്റി.ഡി.സി. യുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാന പ്രകാരം 158 -other category യും 2 മാനേജർ കാറ്റഗറിയും സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തരമല്ലാതെ സ്ഥിര നിയമനം നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനങ്ങളിലേക്ക് സ്ഥിര നിയമനം നടത്തുമ്പോൾ അതേ സ്ഥാപനങ്ങൾ തന്നെയാണോ അതോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിനു പുറം കരാർ നൽകിയാണോ നിയമനം നടത്തുന്നത്; വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സ്ഥിരം നിയമനം നടത്തുന്നതിന് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് കരാർ നല്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇവർ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ നിയമന രീതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. **<u>കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്</u>**<br>ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 9 തസ്തികകളിൽ സർക്കാർ ഉത്തരവിനനുസൃതമായി നേരിട്ടുള്ള നിയമനമാണ് നടത്തിയിട്ടുള്ളത്. ഇവ കെ.ടി.ഐ.എൽ നേരിട്ടാണ് നടത്തിയിട്ടുള്ളത്. നിലവിൽ പി.എസ്.സി വഴിയുള്ള നിയമനങ്ങൾ അടക്കമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിച്ച കരട് സ്പെഷ്യൽ റൂൾ സർക്കാർ പരിശോധിച്ചു വരുന്നു.<br>2. **<u>കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.റ്റി.ഡി.സി)</u>**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.റ്റി.ഡി.സി യിൽ സ്ഥിരനിയമനം നടത്തുന്നതിന് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് ആർക്കും കരാർ നൽകിയിട്ടില്ല.<br>3. **<u>ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.)</u>**<br>ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ പി.എസ്.സി മുഖാന്തരമല്ല സ്ഥിരനിയമനം നടത്തുന്നത്. സ്ഥിരനിയമനങ്ങൾ നടത്തുമ്പോൾ ബി.ആർ.ഡി.സി. നേരിട്ടാണ് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവ നടത്തുന്നത്.<br>4. **<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)</u>**<br>വിനോദ സഞ്ചാര വകുപ്പിനു കീഴിലുള്ള കിറ്റ്സിൽ |

| | | | |
|---|---|---|---|
| | | | സർക്കാർ അംഗീകരിച്ച സർവീസ് റൂൾസ് അനുസരിച്ച്, നിയമന നടപടികൾ ആരംഭിക്കുവാനുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന്, നിയമനങ്ങൾ പത്രപരസ്യം മുഖേന നേരിട്ട് അപേക്ഷ ക്ഷണിക്കുകയും, തുടർന്ന് എഴുത്ത് പരീക്ഷ, കൂടിക്കാഴ്ച എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സെലക്ഷൻ ലിസ്റ്റ് കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടും സർക്കാരിന്റെ അനുവാദവും നേടിയതിനു ശേഷമാണ് നിയമനം നൽകുന്നത്. കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് നിയമനവുമായി സംബന്ധിച്ച എഴുത്ത് പരീക്ഷയുടെ നടത്തിപ്പിന്റെ പുറം കരാർ നൽകുന്നത് നിശ്ചയിക്കുന്നത്. 2014 മുതൽ ഇതുവരെ നടത്തിയ റിസപ്ഷനിസ്റ്റ് കം ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലർക്ക്, ഡ്രൈവർ എന്നീ തസ്തികകളിലേക്കുള്ള എഴുത്തു പരീക്ഷ നടത്തിയത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.എച്ച്.എം.സി.റ്റി, കോവളമാണ്. മേൽപറഞ്ഞ എല്ലാ തസ്തികകളിലേക്കുമുള്ള ഇൻറർവ്യൂ നടത്തിയത്, ഇക്കാര്യത്തിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയാണ്.<br>5. **<u>എഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി</u>**<br>എഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റിയിൽ ഒഴിവുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നത് സർക്കാർ അംഗീകൃത ഏജൻസിയായ IHMCT, KITTS |

| | | | |
|---|---|---|---|
| | | | മുതലായ സ്ഥാപനങ്ങൾ വഴിയാണ്. സർക്കാർ അനുമതിയോടുകൂടിയാണ് ടി ഏജൻസികൾ വഴി നിയമനം നടത്തുന്നത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം നിയമനങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ല.<br>6. **<u>കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്</u>**<br>കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടിട്ടില്ല. ഗവേണിംഗ് ബോഡി നിർദ്ദേശങ്ങൾ അനുസരിച്ചാണ് നിയമന രീതിയും ഏജൻസികളെയും തീരുമാനിക്കുന്നത്.<br>7. **<u>ടൂറിസം വകുപ്പ് (എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ)</u>**<br>വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ ഗസ്റ്റ് ഹൗസുകളിലും മന്ത്രി മന്ദിരങ്ങളിലും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കിച്ചൺമേട്ടി, സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറേറ്റുകൾ മുഖേനയും പാർട്ടൈം തസ്തികകളിൽ അതാത് ജില്ലാ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും നിയമനം നടത്തുന്നു. പുറം കരാർ നൽകിയുള്ള നിയമനം നടത്തുന്നില്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന താഴെപ്പറയുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

| നം | പേര് | സ്ഥാപനം | തസ്തിക | ശമ്പള സ്കെയിൽ | സ്ഥിരപ്പെടുത്തിയ തീയതി |
|---|---|---|---|---|---|
| 1 | ശ്രീ. നവീൻ നജീബ് | കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | ലക്ചറർ കം ഇൻസ്ട്രക്ടർ | Rs. 44,900/- pay matrix level 7 | 13-04-2018 |
| 2 | ശ്രീ ദിലീപ് കുമാർ കെ. | കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | പ്ലംബർ കം ഇലക്ട്രീഷ്യൻ | Rs. 5200-20200 | 15-04-2017 |
| 3 | ശ്രീ.അനൂപ് കുമാർ എം. | കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | ഹോസ്റ്റൽ അറ്റൻഡന്റ് | Rs. 5200-20200 | 15-04-2017 |
| 4 | ശ്രീ. സത്യൻ. ടി. എൻ | കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | ഗാർഡനർ | Rs. 5200-20200 | 15-04-2017 |
| 5 | ശ്രീ. സജിത് കുമാർ | കിറ്റ്സ്, മലയാറ്റൂർ സെന്റർ | പ്യൂൺ | Rs. 16500-35700 | 20-08-2019 |

സെക്ഷൻ ഓഫീസർ